(ബി) ക്ഷേമ പെൻഷനുകൾ യഥാസമയം നൽകുന്നതിന് വീഴ്ച വരുന്നതിനിടയായ സാഹചര്യം വിശദീകരിക്കുമോ ;

(സി) 2015 മാർച്ച് മാസം വരെയുള്ള ക്ഷേമ പെൻഷനുകൾ അടിയന്തരമായി വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജില്ലാകളക്ടർമാരിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) ക്ഷേമ പെൻഷൻ വിതരണത്തിൽ മുൻപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ല. സാമൂഹ്യക്ഷേമ പെൻഷൻ അർഹതയുള്ള കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചതും സാമൂഹ്യക്ഷേമ പെൻഷൻ ഉക വർദ്ധിപ്പിച്ചതും ഗുണഭോക്താക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കുകയും ഇക്കാരണത്താൽ പെൻഷൻ വിതരണത്തിന് കൂടുതൽ ഫണ്ട് ആവശ്യമായി വരികയും ചെയ്ത സാഹചര്യത്തിൽ പെൻഷൻ യഥാസമയം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ വിതരണം നടത്തുന്നതാണ്.

ക്ഷേമപെൻഷനുകൾ ഓൺലൈനായി നൽകുന്നത്

254 (1679) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ക്ഷേമ പെൻഷനുകൾ വാങ്ങുന്നവർ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു കീഴിലേക്ക് സ്ഥലം മാറുമ്പോൾ പുതിയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പുതിയതായി അപേക്ഷ നൽകേണ്ടതുണ്ടോ ;

(ബി) ഇപ്രകാരം പുതിയതായി അപേക്ഷ നൽകുന്നതിനു പകരം ഇവരുടെ പെൻഷനുകൾ ഓൺലൈനായി പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് ട്രാൻസ്ഫർ ചെയ്ത നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കുമോ ?

ഉത്തരം

(എ) വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്നവർ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിലേക്ക് സ്ഥലം മാറുമ്പോൾ പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ പുതിയതായി അപേക്ഷ നൽകേണ്ടതാണ്.

(ബി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly